**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിച്ച് സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിച്ച് സുരക്ഷ ഉറപ്പാക്കുന്നതിനും ദർശനം സുഗമമാക്കുന്നതിനുമായി ഈ മണ്ഡലകാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾ വഴി ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാതെ spot booking വഴി എത്തിച്ചേർന്ന 8000 നും 10000 നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗ് ഇല്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾ വഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും, പമ്പയിലും, നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിയ്ക്കുന്നതിന് ആവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ |

| | | | |
|---|---|---|---|
| | | | ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടകർക്ക് അധിക സമയം ക്യൂ നിൽക്കേണ്ടിവന്ന സമയത്ത് തീർത്ഥാടകർക്ക് വേണ്ട കുടിവെള്ളം, ലഘുഭക്ഷണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഒരോ ദിവസത്തെയും queue status -ഉം തീർത്ഥാടകരുടെ വരവിന്റെ കണക്കും ബഹു. ഹൈക്കോടതിയുടെ ഉൾപ്പെടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതും ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടെ നടപ്പാക്കി ഭക്തരുടെ സുരക്ഷയും തിരക്കും നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്യു.ആർ. കോഡ് മൊബൈൽ ഫോണിൽ സ്കാൻ ചെയ്ത് കാണിക്ക നൽകുന്ന സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല, ഒ.റ്റി.സി ഹനുമാൻ ക്ഷേത്രം, വൈക്കം മഹാദേവ ക്ഷേത്രം തുടങ്ങിയ 18 ഓളം ക്ഷേത്രങ്ങളിൽ ക്യൂ. ആർ കോഡ് മുഖാന്തിരം കാണിക്ക നൽകുന്നതിനുള്ള സംവിധാനം ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റ് ക്ഷേത്രങ്ങളിലേക്ക് ടി സംവിധാനം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.<br><br>ഗുരുവായൂർ ക്ഷേത്രത്തിലും കൂടൽമാണിക്യം ക്ഷേത്രത്തിലും ഈ സംവിധാനം നിലവിലുണ്ട്.<br><br>മലബാർ ദേവസ്വത്തിന് കീഴിൽ കാടാമ്പുഴ, തിരുമാന്ധാംകുന്ന് തുടങ്ങീ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽ ക്യൂ. ആർ കോഡ് സ്കാൻ ചെയ്ത് കാണിക്ക നൽകുന്ന സംവിധാനം ഉണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിൽ ഏകദേശം 120 ഓളം ക്ഷേത്രങ്ങളിൽ നിലവിൽ ഈ സംവിധാനം ഉണ്ട്.<br><br>ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കൂടുതൽ ക്ഷേത്രങ്ങളിലേക്ക് പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ ദേവസ്വം ബോർഡിന് കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല, ഒ.റ്റി.സി ഹനുമാൻ ക്ഷേത്രം, വൈക്കം മഹാദേവ ക്ഷേത്രം തുടങ്ങിയ 18 ഓളം ക്ഷേത്രങ്ങളിൽ ക്യൂ. ആർ കോഡ് മുഖാന്തിരം കാണിക്ക |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള സംവിധാനം ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റ് ക്ഷേത്രങ്ങളിലേക്ക് ടി സംവിധാനം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.<br><br>ഗുരുവായൂർ ക്ഷേത്രത്തിലും കൂടൽമാണിക്യം ക്ഷേത്രത്തിലും ഈ സംവിധാനം നിലവിലുണ്ട്.<br><br>മലബാർ ദേവസ്വത്തിന് കീഴിൽ കാടാമ്പുഴ, തിരുമാന്ധാംകുന്ന് തുടങ്ങി സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽ ക്യൂ. ആർ കോഡ് സ്കാൻ ചെയ്ത് കാണിക്ക നൽകുന്ന സംവിധാനം ഉണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിൽ ഏകദേശം 120 ഓളം ക്ഷേത്രങ്ങളിൽ നിലവിൽ ഈ സംവിധാനം ഉണ്ട്.<br><br>ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കൂടുതൽ ക്ഷേത്രങ്ങളിലേക്ക് പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ക്യൂ.ആർ. കോഡ് സംവിധാനം നടപ്പിലാക്കിയ ക്ഷേത്രങ്ങളിൽ പ്രതിദിന വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തിയത് മൂലം ദേവസ്വങ്ങൾക്ക് വരുമാന വർദ്ധനവ് ഉണ്ടാകുന്നതും കൂടാതെ ഭക്തജനങ്ങൾക്ക് ആയത് വളരെ സൗകര്യപ്രദമാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുള്ളതായും. സാമ്പത്തിക വർഷം അവസാനിച്ച ശേഷം റീകൺസിലിയേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിയുന്ന മുറയ്ക്ക് മാത്രമേ ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തിയത് നിമിത്തമുണ്ടായ വരുമാന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളു എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br><br>ക്യൂ ആർ കോഡ് സംവിധാനം ഏർപ്പെടുത്തിയത് നിമിത്തമുണ്ടായ വരുമാന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് മറ്റ് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ